# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4810 24.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

**ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം) മുഖാന്തിരമുള്ള പ്രവൃത്തികൾ**

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ :

മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) ദേശീയ ഗ്രാമീണ ദൗത്യത്തിന് (NRHM) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുക എത്രയെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ഓരോ വർഷവും ചെലവാക്കിയെന്നും സംസ്ഥാന സർക്കാർ തുകയിൽ നിന്നും ഓരോ വർഷവും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(എ) ദേശീയ ഗ്രാമീണ ദൗത്യത്തിന് കഴിഞ്ഞ നാല് വർഷം കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും ലഭിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (രൂപ കോടിയിൽ) | |
|---|---|---|
| | കേന്ദ്ര വിഹിതം (ഇൻഫ്രാസ്ട്രക്ചർ മെയ്ന്റനൻസ് ഉൾപ്പെടെ) | സംസ്ഥാന വിഹിതം |
| 2011-12 | 599.87 | 7.5 |
| 2012-13 | 504.05 | 30 |
| 2013-14 | 359.2 | 76.94 |
| 2014-15 | 520 | 112.24 |

ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ ചെലവഴിച്ചു എന്നത് സംബന്ധിച്ച വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. ആരോഗ്യ കേരളത്തിന്റെ കേന്ദ്രം അംഗീകരിച്ച പദ്ധതികൾക്കാണ് തുക ചെലവഴിക്കാറുള്ളത്. സംസ്ഥാന സർക്കാരിൽ നിന്ന് 2014-15 വരെ സംസ്ഥാന വിഹിതമായി ലഭിച്ച തുക മുഴുവൻ ചെലവാക്കിയിട്ടുണ്ട്.

(ബി) NRHM പ്രവൃത്തികളിൽ ഓരോ വർഷവും ചെലവാക്കുന്ന തുകയും പ്രവൃത്തികളും പ്രവർത്തനത്തിന്റെ ഗുണദോഷങ്ങളും പ്രവർത്തനം കൊണ്ടുണ്ടായ നേട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിലൂടെ ചെലവാക്കുന്ന തുകയും പ്രവൃത്തികളും എല്ലാ മാസവും ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ തല പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ഫണ്ട് ചെലവാക്കാത്ത ജില്ലകളുടെ വിശദീകരണം ആരായുകയും മികച്ച പ്രവർത്തനം നടത്തിയ ജില്ലകളെ അനുമോദിക്കുകയും ചെയ്യാറുണ്ട്.

(.....2)

(സി) NRHM പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട താൽക്കാലിക ജീവനക്കാർ എത്ര (തസ്തിക തിരിച്ച്) എന്നും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആശാ വർക്കർമാർ എത്ര പേരുണ്ട് എന്നും ആശാ വർക്കർമാർക്ക് സ്ഥിരം നിയമനം നൽകാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ;

(സി) നാഷണൽ ഹെൽത്ത് മിഷൻ പദ്ധതിയിൽ 2015-16 -ൽ കേന്ദ്ര സർക്കാർ അംഗീകരിച്ച തസ്തികകളുടെ വിവരങ്ങൾ അനുബന്ധം 2 -ആയി ചേർക്കുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആശാ വർക്കർമാർ 26005 ആണ്. ആശാ വർക്കർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) NRHM നടത്തിവരുന്ന ആരോഗ്യ പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോന്നിനും ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവരുടെ പ്രവൃത്തികൾ സർക്കാർ കാലാകാലങ്ങളിൽ പരിശോധിച്ചിട്ടുണ്ടോയെന്നും, പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയവർ ആരെല്ലാമെന്നും വ്യക്തമാക്കാമോ ?

(ഡി) ദേശീയ ആരോഗ്യ മിഷൻ നടത്തി വരുന്ന ആരോഗ്യ പദ്ധതികൾ അനുബന്ധം 3-ൽ ചേർക്കുന്നു. ഈ പ്രവർത്തികളിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധം 4-ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്